Keraleeyam
Rs. 25/- 2018 February/March Vol. 19 Issue 02/03

# നാടിനെ തകർക്കുന്ന എണ്ണ സംഭരണശാല

**പയ്യന്നൂർ**-ഏഴിമല റെയിൽവേ സ്റ്റേഷനുകൾക്ക് മദ്ധ്യേ കണ്ടങ്കാളി-പുഞ്ചക്കാടിനും ഇടയിലുള്ള താലോത്ത് വയലിൽ ഒരു കൂറ്റൻ എണ്ണ സംഭരണശാല സ്ഥാപിക്കാനുള്ള തീരുമാനം പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. ഇന്ത്യയിലെ എണ്ണവ്യാപാര രംഗത്തുള്ള വൻകിട കോർപ്പറേറ്റ് കമ്പനികളുടെ സംയുക്തസംരംഭമാണ് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (HPCL) മുൻകയ്യിൽ ഇവിടെ സ്ഥാപിക്കാൻ പോകുന്നത്. രണ്ട് പുഴകളുടെയും കായലിന്റെയും ഇടയ്ക്ക് കണ്ടൽവനങ്ങൾ ഇരുപാടും നിറഞ്ഞ പാരിസ്ഥിതിക പ്രാധാന്യമുള്ള നെൽവയലുകളും തണ്ണീർത്തടവുമുള്ള ഒരു പ്രദേശത്താണ് പദ്ധതി സ്ഥാപിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. 77 ഏക്കർ ഭൂമി പദ്ധതിക്കുവേണ്ടിയും ഒമ്പതരയേക്കർ പദ്ധതിപ്രദേശത്തേക്കുള്ള മുപ്പത് മീറ്റർ വീതിയുള്ള റോഡിനുവേണ്ടിയും ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ചുറ്റുപാടും തീരദേശ സംരക്ഷണ മേഖല കോസ്റ്റൽ റഗുലേഷൻ സോൺ–1 ൽ ഉൾപ്പെട്ട കണ്ടൽക്കാടുകളുള്ളതുകൊണ്ടും അന്താരാഷ്ട്ര പ്രാധാന്യമുള്ള റാംസർ സൈറ്റായി പ്രഖ്യാപിക്കാൻ നിർദ്ദേശിക്കപ്പെട്ട കവ്വായിക്കായലിന്റെ സമീപമായതുകൊണ്ടും ഇവിടെയൊരിക്കലും അംഗീകരിച്ചു കൂടാത്തതാണ് ഇങ്ങനെയൊരു എണ്ണസംഭരണശാല. ജനനിബിഡമായ പ്രദേശമാണ് ഈ സംഭരണശാലയുടെ പതിനഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ളത് എന്നത് അപകടമാണ്ടായാൽ സുരക്ഷാസൗകര്യങ്ങളൊരുക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. തണ്ണീർത്തട സംരക്ഷണ നിയമവും നെൽവയൽ നികത്തുന്നതിന് എതിരായ നിയമവും എല്ലാം ലംഘിച്ചുകൊണ്ടുമാത്രമേ ഈ പദ്ധതി ഇവിടെ നടപ്പിലാക്കാൻ കഴിയൂ. നിയമങ്ങളിൽ വെള്ളം ചേർക്കാനും അയവു വരുത്താനും സർക്കാരുകൾക്ക് കഴിയും. നിയമങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്ന പ്രവണതയാണിത്. ഇനി കഷ്ടിച്ച് 30 വർഷം മാത്രം ലഭിക്കുന്ന പെട്രോളിയം ഇന്ധനങ്ങളെ അശ്രയിക്കുന്ന എല്ലാ വാഹനങ്ങളും വിദ്യുച്ഛക്തി ഉപയോഗിച്ച് ഓടുന്നവയാക്കി മാറ്റുവാൻ ഇന്ത്യയിലുൾപ്പെടെ എല്ലായിടത്തും കൊണ്ടുപിടിച്ച ശ്രമങ്ങളും ആസൂത്രണങ്ങളും നടക്കുന്ന ഈ ഘട്ടത്തിൽ, ഇത്രയും വലിയ സംഭരണശാലക്ക് പ്രസക്തി പോലുമില്ല എന്ന വസ്തുത നിലനിൽക്കുന്നു. വലിയ നെൽകൃഷി നടത്തുന്ന കൃഷിഭൂമി നശിക്കും; ഇതിന് ചുറ്റുമുള്ള പുഴകളും കായലും എണ്ണ വീണ് മലിനമായി മത്സ്യസമ്പത്ത് നശിക്കും; ചെറുകിട ഉത്പാദകരുടെയും മത്സ്യത്തൊഴിലാളികൾ, കക്ക വാരുന്നവർ തൊട്ടുള്ളവരുടെയും ഉപജീവന മാർഗ്ഗം തടയും; കണ്ടൽക്കാടുകളും അവയോടനുബന്ധിച്ചുള്ള സസ്യജന്തുജാലങ്ങളും നശിക്കും. എണ്ണ സംഭരണിക്ക് വേണ്ട കോടിക്കണക്കിന് ലിറ്റർ ശുദ്ധജലം കുഴൽക്കിണർ കുഴിച്ച് പമ്പ് ചെയ്താൽ, പ്രദേശത്ത് മുഴുവൻ ഉപ്പുവെള്ളം കയറി കുടിവെള്ളക്ഷാമം രൂക്ഷമാകും. എണ്ണസംഭരണശാലയിൽ അധികയാളുകൾക്ക് തൊഴിൽ ലഭിക്കാനില്ല.

## പരിസ്ഥിതി പ്രത്യാഘാത പഠനം

നിയമപരമായ ഒരു ബാധ്യത നിറവേറ്റാൻ വേണ്ടി മാത്രം ഒരു പരിസ്ഥിതി പ്രത്യാഘാത നിർണ്ണയ പത്രിക ഉണ്ടാക്കി അത് ബഹുജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ച് അംഗീകരിക്കുവാനുള്ള ശ്രമം കമ്പനി നടത്തുകയുണ്ടായി. യതാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുകയോ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യാൻ ഈ പഠന റിപ്പോർട്ടിന് കഴിഞ്ഞിട്ടില്ല. ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത പൊതുതെളിവെടുപ്പിൽ ആളുകൾ ഏകകണ്ഠമായി പദ്ധതിയെ കാര്യകാരണ സഹിതം എതിർത്തപ്പോൾ, അധികൃതർ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്കൊന്നും മറുപടി തന്നില്ല.

## എന്തെല്ലാം ദുരിതങ്ങളുണ്ടാകുന്നു?

1. പുഴ, കണ്ടൽക്കാട്, നെൽവയൽ തുടങ്ങിയ പദ്ധതി പ്രദേശത്തെ ആവാസവ്യവസ്ഥ സ്ഥിരമായി മാറ്റപ്പെടും.
2. പദ്ധതി സ്വാഭാവിക നീരൊഴുക്കിന് തടസ്സമാകും. മഴവെള്ള സംഭരണത്തെ ഇത് ബാധിക്കും. തൊട്ടടുത്ത കിണറുകളിലെയും ജലാശയങ്ങളിലെയും ജലത്തിന്റെ ഗുണനിലവാരം ഇതുമൂലം കുറയും.
3. മഴക്കാലത്ത് പ്രദേശത്ത് വെള്ളം കെട്ടിക്കിടക്കും. വേനലിൽ വരൾച്ച വർദ്ധിക്കും.
4. മണ്ണിനു വരുന്ന മാറ്റം തെങ്ങ്, മാവ് മുതലായവ തദ്ദേശീയ മരങ്ങളെ ബാധിക്കും. വിദേശ സസ്യങ്ങൾ പെരുകും.
5. നിർമ്മാണ സമയത്തും ട്രക്കറുകളുടെ ഗതാഗത സമയത്തും പൊടിശല്യം വ്യാപകമാകും.
6. 70 ഏക്കർ പാടം 3 മീറ്റർ ഉയരത്തിൽ മണ്ണിട്ട് നികത്തുമ്പോൾ മണ്ണെടുക്കുന്ന പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം, സൂക്ഷ്മ കാലാവസ്ഥാമാറ്റം, വിളകളുടെ നാശം എന്നിവയുണ്ടാകും.
7. പൊടി, പെട്രോളിയം, ബാഷ്പം എന്നിവ കൊണ്ട് ശുദ്ധവായുവിന്റെ ഗുണനിലവാരം കുറയും.
8. പദ്ധതിപ്രദേശം 3 മീറ്റർ ഉയരത്തിൽ മണ്ണിട്ട് നികത്തുമ്പോൾ കണ്ടങ്കാളിയിലെയും ചുറ്റുപാടിലെയും ജലം മലിനമാകും.
9. പെട്രോളിയം, ഗ്രീസ് എന്നിവയുടെ ലീക്ക് വഴി ഉപരിതല ജലവും ഭൂഗർഭജലവും മലിനമാകും. പുഴയെയും കായലിനെയും ഇത് മലിനമാക്കും.
10. അപകടങ്ങളോ പ്രവർത്തനത്തകരാറുകളോ പ്രകൃതി കോപമോ സംഭവിച്ചാൽ ഉണ്ടാകുന്ന തീപിടുത്തം, പദ്ധതി ബാധിത മേഖലയിലാകെയുണ്ടാക്കുന്ന പ്രശ്നങ്ങൾ.
11. മാലിന്യങ്ങൾ നീക്കംചെയ്യാതെ വന്നാലുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രത്യാഘാതങ്ങൾ.
12. സുരക്ഷാക്രമീകരണങ്ങളിലുണ്ടാകുന്ന നേരിയ പിഴവുമൂലം പോലും വായുവിലേക്ക് തള്ളാൻ ഇടയുള്ള നൈട്രജന്റെയും സൾഫറിന്റെയും വിവിധ ഓക്സൈഡുകൾ.
13. സംഭരണിയിൽ ഊറിക്കൂടുന്ന ഘനലോഹങ്ങളടങ്ങിയ സ്ലഡ്ജിന്റെ നിർമ്മാർജ്ജനം. ■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com